പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3589 26.06.2012 ൽ മറുപടിയ്ക്ക്

# വൈദ്യുത അപകടങ്ങൾ ഒഴിവാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ സംസ്ഥാനത്ത് എത്ര വൈദ്യുത അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; | (എ) കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ട വൈദ്യുതി അപകടങ്ങളുടെ (മാരകമായതും, മാരകമല്ലാത്തതും, നിസ്സാര പരിക്കുകൾ) എണ്ണം ചുവടെ ചേർക്കുന്നു. |

**പൊതുജനങ്ങൾ**

| | 2009 | 2010 | 2011 |
|---|---|---|---|
| ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നുണ്ടായ അപകടങ്ങൾ | 114 | 99 | 100 |
| ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നുണ്ടായ അപകടങ്ങൾ | 92 | 108 | 94 |
| ആകെ | 206 | 207 | 194 |

**ബോർഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ.**

| | 2009 | 2010 | 2011 |
|---|---|---|---|
| ബോർഡ് ജീവനക്കാർ | 111 | 149 | 155 |
| കരാർ തൊഴിലാളികൾ | 52 | 52 | 66 |
| ആകെ | 163 | 201 | 221 |

(p.t.o. 2)

(ബി) പ്രസ്തുത അപകടങ്ങളിൽ മരിച്ചവർ എത്ര; പരിക്കേറ്റവർ എത്ര; വാർഷിക കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) മേൽ സൂചിപ്പിച്ചിട്ടുള്ള അപകടങ്ങളിൽ ഒന്നിൽ കൂടുതൽ പേർക്ക് മരണം/പരിക്ക് സംഭവിച്ചിട്ടുള്ള അപകടങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. അപകടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം (1) ആയി ചേർക്കുന്നു.

(സി) ഇവരിൽവൈദ്യുതിജീവനക്കാർ, കരാർതൊഴിലാളികൾ, പൊതുജനങ്ങൾഎന്നിവരെത്രയെന്ന് ജില്ലതിരിച്ച് വിശദമാക്കുമോ;

(സി) വൈദ്യുതി അപകടങ്ങൾ സംഭവിച്ച വൈദ്യുതി ജീവനക്കാർ,കരാർതൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവരുടെ ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധം (2) ആയി ചേർക്കുന്നു.

(ഡി) വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിന്എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊള്ളുന്നത്;

(ഡി) അപകടങ്ങൾ തടയാനും, ജീവഹാനി ഒഴിവാക്കുന്നതിനും വേണ്ടിതൊഴിലാളികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി നിരവധി പരിശീലന പരിപാടികൾ ബോർഡ് നടത്തി വരുന്നു. ഇലക്ട്രിസിറ്റി വർക്കർ, ലൈൻമാൻ, ഓവർസിയർ, സബ് എൻജിനീയർ എന്നീവിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കും അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

അപകടങ്ങൾ ഒഴിവാക്കുന്നതിനായി വൈദ്യുതി ലൈനിൽ ജോലി ചെയ്യുന്നതിനു മുമ്പായി ലൈൻ ഓഫ് ആക്കിയെന്നും ലൈനുകളുടെ എർത്തിംഗ് കാര്യക്ഷമമായി നടത്തിയിട്ടുണ്ട് എന്നും ജോലികൾക്ക് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ഉറപ്പാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്ന ഉത്തരവാദിത്വവും ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. കരാർ നൽകിയിട്ടുള്ള പണികളിൽ കരാർ തൊഴിലാളികൾ ഏർപ്പെടുന്നത് ബോർഡ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജീവനക്കാർക്കും, കരാർ തൊഴിലാളികൾക്കും സുരക്ഷാ കാര്യങ്ങളിലും, സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗക്രമത്തെ സംബന്ധിച്ചും,

വൈദ്യുതാഘാതമേറ്റാൽ നൽകേണ്ട പ്രഥമ ശുശ്രൂഷയെ സംബന്ധിച്ചും ബോർഡ് പരിശീലനം നൽകുന്നുണ്ട്. സുരക്ഷാ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കാൻ ചീഫ് എഞ്ചിനിയർ റാങ്കിൽ ഒരു സേഫ്റ്റി കമ്മീഷണറെയും അദ്ദേഹത്തിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ ഓരോ സേഫ്റ്റി ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്.

ഇലക്ട്രിക്കൽ ഡിവിഷൻ തലത്തിൽ സുരക്ഷാ കമ്മിറ്റികൾ മാസംതോറും കൂടി അപകടങ്ങളെ വിലയിരുത്തുകയും സുരക്ഷാ ക്രമീകരണങ്ങൾ ചിട്ടപ്പെടുത്തി അത്തരം അപകടങ്ങൾ ഭാവിയിൽ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഓരോ ഇലക്ട്രിക്കൽ സെക്ഷനിലും ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ ഉറപ്പ് വരുത്തുന്നുണ്ട്.

ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർമാരും, ഇലക്ട്രിക്കൽ ഡിവിഷൻ എഞ്ചിനിയർ എക്സിക്യൂട്ടീവ് എഞ്ചിനിയർമാരും മാസത്തിൽ ചുരുങ്ങിയത് 10 ഫീൽഡ് പരിശോധനകളെങ്കിലും നടത്തിയിരിക്കണമെന്നും ഇതിൽ വർക്ക് സൈറ്റുകളിൽ മിന്നൽ പരിശോധനയും വൈദ്യുത ലൈനുകൾ പ്രതിഷ്ഠാപനങ്ങൾ എന്നിവയുടെപരിശോധനയും സുരക്ഷാ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അറ്റകുറ്റ പ്പണികൾ സമയബന്ധിതമായി നടത്തുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി ഉൾപ്പെടുത്തിയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സുരക്ഷാ മാന്വലിലും ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള സുരക്ഷ സംബന്ധിച്ചുള്ള സർക്കുലറുകളിലും ജോലി ചെയ്യുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ

(--4)

നിർദ്ദേശിച്ചിട്ടുണ്ട്. ഇവ പാലിക്കാതെ ജോലിയിൽ ഏർപ്പെടുന്നവരും ശരിയായ മേൽനോട്ടം വഹിക്കാത്തവരുമായ ജീവനക്കാർക്കെതിരെ കർശനനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ഇ) വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസുകളിൽ അപകടം ഒഴിവാക്കുന്നതിന് എന്തെല്ലാം സുരക്ഷാ ഉപകരണങ്ങളാണ് നിലവിലുള്ളതെന്നും, ഈ കാലയളവിൽഏതെല്ലാംസുരക്ഷാ ഉപകരണങ്ങൾവാങ്ങിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) സെക്ഷൻ ഓഫീസുകളിൽ നിലവിലുള്ള സുരക്ഷാ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

എർത്ത് ചെയിൻ

സേഫ്റ്റി ബെൽറ്റ്

റബ്ബർ ഗ്ലൗസ്

ഹെൽമറ്റ്

ലാഡർ (വിവിധ തരം)

എർത്ത് റോഡ്

എർത്തിംഗ് ക്ലിപ്പ്

സേഫ്റ്റി ഷൂ

ഷോൾട്ടിംഗ് ക്ലിപ്പ്

ജാഗ്രതാ ബോർഡ്

എർത്തിംഗ് കേബിൾ വിത്ത് ഹോൾഡർ

റോപ്പ്

ടോർച്ച് ഹെഡ് ലൈറ്റ്

ടി ഉപകരണങ്ങൾ എല്ലാംതന്നെ കഴിഞ്ഞ മൂന്ന വർഷ കാലയളവിൽ സെക്ഷൻ ഓഫീസുകളിൽപുതുതായിവാങ്ങി നൽകിയിട്ടുണ്ട്.

(എഫ്) അതിന് ഓരോ ഇനത്തിലും എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

(എഫ്) ഇത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 1024311 |
| കൊല്ലം | 1461757 |
| പത്തനംതിട്ട | 996442 |
| കോട്ടയം | 1868146 |
| ഇടുക്കി | 333213 |
| ആലപ്പുഴ | 1310406 |

(.. 5)

| | |
|---|---|
| എറണാകുളം | 2064438 |
| തൃശ്ശൂർ | 1431980 |
| പാലക്കാട് | 1030796 |
| മലപ്പുറം | 1048608 |
| കണ്ണൂർ | 1005895 |
| കാസർഗോഡ് | 101509 |
| കോഴിക്കോട് | 1051886 |
| വയനാട് | 1000000 |

സെക്ഷൻ ഓഫീസർ

3589



അനുബന്ധം - 1

| ജില്ല | 2009 | | 2010 | | 2011 | |
|---|---|---|---|---|---|---|
| | മരിച്ചവർ | പരിക്കേറ്റവർ | മരിച്ചവർ | പരിക്കേറ്റവർ | മരിച്ചവർ | പരിക്കേറ്റവർ |
| തിരുവനന്തപുരം | 22 | 23 | 22 | 23 | 30 | 14 |
| കൊല്ലം | 24 | 19 | 23 | 24 | 21 | 27 |
| പത്തനംതിട്ട | 14 | 12 | 8 | 8 | 12 | 14 |
| ആലപ്പുഴ | 6 | 4 | 16 | 13 | 5 | 12 |
| കോട്ടയം | 17 | 13 | 16 | 15 | 13 | 15 |
| ഇടുക്കി | 9 | 8 | 9 | 1 | 15 | 7 |
| എറണാകുളം | 25 | 50 | 20 | 40 | 23 | 21 |
| തൃശ്ശൂർ | 21 | 17 | 21 | 22 | 26 | 37 |
| പാലക്കാട് | 17 | 04 | 20 | 9 | 23 | 10 |
| മലപ്പുറം | 19 | 10 | 21 | 14 | 14 | 13 |
| കോഴിക്കോട് | 10 | 8 | 19 | 20 | 16 | 18 |
| വയനാട് | 5 | 1 | 3 | 2 | 4 | 2 |
| കണ്ണൂർ | 13 | 8 | 10 | 19 | 6 | 25 |
| കാസർഗോഡ് | 3 | 3 | - | 1 | 5 | 4 |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

| ജില്ല | 2009<br>യഥാക്രമം ബോർഡ് ജീവനക്കാർ, കരാർതൊഴിലാളികൾ,പൊതുജനം | | 2010<br>യഥാക്രമം ബോർഡ് ജീവനക്കാർ, കരാർതൊഴിലാളികൾ,പൊതുജനം | | 2011<br>യഥാക്രമം ബോർഡ് ജീവനക്കാർ കരാർതൊഴിലാളികൾ,പൊതുജന | |
|---|---|---|---|---|---|---|
| | മരിച്ചവർ | പരിക്കേറ്റവർ | മരിച്ചവർ | പരിക്കേറ്റവർ | മരിച്ചവർ | പരിക്കേറ്റവർ |
| തിരുവനന്തപുരം | 3 | 12 | 1 | 13 | 3 | 9 |
| | 2 | 3 | 3 | 5 | 3 | 4 |
| | 17 | 8 | 18 | 5 | 24 | 1 |
| | | | | | | |
| കൊല്ലം | 3 | 9 | 0 | 15 | 0 | 13 |
| | 0 | 5 | 2 | 7 | 0 | 10 |
| | 21 | 5 | 21 | 2 | 21 | 4 |
| പത്തനംതിട്ട | 3 | 7 | 3 | 7 | 1 | 5 |
| | 2 | 4 | 0 | 0 | 2 | 5 |
| | 9 | 1 | 5 | 1 | 9 | 4 |
| ആലപ്പുഴ | 0 | 3 | 1 | 10 | 1 | 5 |
| | 0 | 1 | 1 | 1 | 0 | 3 |
| | 6 | 0 | 14 | 2 | 4 | 4 |
| കോട്ടയം | 0 | 6 | 1 | 9 | 1 | 8 |
| | 4 | 3 | 2 | 4 | 2 | 5 |
| | 13 | 4 | 13 | 2 | 10 | 2 |
| ഇടുക്കി | 0 | 6 | 0 | 0 | 4 | 3 |
| | 3 | 2 | 1 | 1 | 3 | 4 |
| | 6 | 0 | 8 | 0 | 8 | 0 |
| എറണാകുളം | 2 | 21 | 4 | 29 | 1 | 14 |
| | 3 | 4 | 0 | 6 | 2 | 2 |
| | 20 | 25 | 16 | 5 | 20 | 5 |
| തൃശ്ശൂർ | 1 | 10 | 2 | 14 | 2 | 24 |
| | 0 | 6 | 2 | 2 | 2 | 10 |
| | 20 | 1 | 17 | 6 | 22 | 3 |
| പാലക്കാട് | 2 | 3 | 0 | 2 | 1 | 6 |
| | 0 | 0 | 1 | 3 | 0 | 3 |
| | 15 | 1 | 19 | 4 | 22 | 1 |

| | | | | | | |
|---|---|---|---|---|---|---|
| മലപ്പുറം | 2 | 3 | 2 | 8 | 3 | 11 |
| | 2 | 3 | 2 | 3 | 1 | 2 |
| | 15 | 4 | 17 | 3 | 10 | 0 |
| കോഴിക്കോട് | 2 | 6 | 1 | 13 | 2 | 12 |
| | 0 | 1 | 2 | 2 | 1 | 0 |
| | 8 | 1 | 16 | 5 | 13 | 6 |
| വയനാട് | 1 | 0 | 1 | 2 | 0 | 1 |
| | 0 | 0 | 0 | 0 | 1 | 0 |
| | 4 | 1 | 2 | 0 | 3 | 1 |
| കണ്ണൂർ | 0 | 5 | 0 | 10 | 2 | 19 |
| | 0 | 2 | 0 | 2 | 0 | 3 |
| | 13 | 1 | 10 | 7 | 4 | 3 |
| കാസർഗോഡ് | 1 | 0 | 0 | 1 | 1 | 3 |
| | 0 | 2 | 0 | 0 | 0 | 1 |
| | 2 | 1 | 0 | 0 | 4 | 0 |

സെക്ഷൻ ഓഫീസർ